©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ജൂൺ 23<br>23rd June 2020<br>1195 മിഥുനം 9<br>9th Mithunam 1195<br>1942 ആഷാഢം 2<br>2nd Ashadha 1942 | നമ്പർ<br>No. | 25 |

## PART III

# Fire Force Department

<u>ദർഘാസ്/ലേല പരസ്യം</u>

(1)

നമ്പർ എഫ്-489/2017. 2020 മേയ് 8.

അഗ്നിരക്ഷാസേവന വകുപ്പ് വക തിരുവനന്തപുരം അഗ്നിരക്ഷാ നിലയത്തിലെ എം.ടി.യു., കെ.എൽ.01, എഎം. 3542 എന്ന വാഹനം (2004 അശോക് ലൈലാന്റ് മോഡൽ) ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും 29-6-2020 പകൽ 11.30 മണിക്ക് ചാക്ക അഗ്നിരക്ഷാ നിലയത്തിൽവച്ച് പരസ്യമായി പുനർലേലം ചെയ്ത് കൊടുക്കുന്നതാണ്.

ലേലത്തോടൊപ്പം മുദ്ര പതിച്ച ടെണ്ടറുകളും ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ 27-6-2020-ാം തീയതി വൈകിട്ട് 5 മണിവരെ നേരിട്ടോ തപാൽ വഴിയോ സ്വീകരിക്കുന്നതാണ്. 5 മണിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. മുദ്ര പതിപ്പിച്ച ടെണ്ടറുകൾ ഉൾക്കൊള്ളുന്ന കവറിന്റെ പുറത്ത് "അഗ്നിരക്ഷാ സേവന വകുപ്പ് തിരുവനന്തപുരം അഗ്നിരക്ഷാ നിലയത്തിലെ എം.ടി.യു., കെ.എൽ.01, എഎം. 3542 എന്ന വാഹനം വാങ്ങുന്നതിനുള്ള ടെണ്ടർ" എന്ന് എഴുതിയിരിക്കണം. ടെണ്ടറുകൾ റീജിയണൽ ഫയർ ആഫീസർ, അഗ്നിരക്ഷാ സേവനം ഗവൺമെന്റ് പ്രസ്സ് പി. ഒ., ഹൗസിംഗ് ബോർഡ് ജംഗ്ഷൻ, ചെങ്കൽചൂള, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. പരസ്യ ലേലത്തിനുശേഷം നേരത്തെ ലഭിച്ച ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിൽ കേട്ട തുകയോ ടെണ്ടറിൽ കൊടുത്ത തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ടെണ്ടർ നൽകിയിരിക്കണമെന്ന് നിർബന്ധമില്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ₹ 2,000 നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി ₹ 2,000-ന്റെ ക്രോസ് ചെയ്യാത്ത ബാങ്ക് ഡ്രാഫ്റ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വെള്ളയമ്പലം ബ്രാഞ്ചിൽ മാറ്റത്തക്കവിധം റീജിയണൽ ഫയർ ആഫീസർ, അഗ്നിരക്ഷാ സേവനം, ദക്ഷിണമേഖല, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ ടെണ്ടറിനോടൊപ്പം അയയ്ക്കേണ്ടതാണ്. നിരതദ്രവ്യമില്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ സമർപ്പിച്ചവർ തങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്നപക്ഷം പണം അടയ്ക്കേണ്ടതിലേക്കായി ലേല സമയത്ത് ഹാജരായിരിക്കേണ്ടതാണ്. ടെണ്ടറുകൾ നൽകിയവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ/ടെണ്ടർ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ കൊണ്ട തുകയുടെ 25% അപ്പോൾത്തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവു ലഭിച്ച് 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയ്ക്കുള്ള വിൽപ്പന നികുതിയും ഒടുക്കി ടി വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്ന ആളിന്റെ ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കിക്കൊടുക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരന് അവകാശം ഇല്ലാത്തതുമാകുന്നു.

ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിച്ചവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ/ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് ചാക്ക അഗ്നിരക്ഷാ നിലയത്തിൽ വെച്ച് സ്റ്റേഷൻ ഓഫീസറുടെ അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മേൽപ്പറഞ്ഞ വാഹനം പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വെച്ചിരിക്കുന്ന തസ്തികയിലെ ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2)

നമ്പർ എഫ്-6043/2019. 2020 മേയ് 19.

അഗ്നിരക്ഷാ സേവന വകുപ്പ് വക കരുനാഗപ്പള്ളി അഗ്നിരക്ഷാ നിലയത്തിലെ ഉപയോഗശൂന്യമായ വാട്ടർ ലോറി, കെ.എൽ.01, ബി-7443 (1992 ടാറ്റാ മോഡൽ) ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും 30-6-2020-ന് പകൽ 11 മണിക്ക് കരുനാഗപ്പള്ളി അഗ്നിരക്ഷാ നിലയത്തിൽവച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

ലേലത്തോടൊപ്പം മുദ്ര പതിച്ച ടെണ്ടറുകളും ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ 29-6-2020-ാം തീയതി വൈകിട്ട് 5 മണിവരെ നേരിട്ടോ തപാൽ വഴിയോ സ്വീകരിക്കുന്നതാണ്. 5 മണിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. മുദ്ര പതിപ്പിച്ച ടെണ്ടറുകൾ ഉൾക്കൊള്ളുന്ന കവറിന്റെ പുറത്ത് "അഗ്നിരക്ഷാ സേവന വകുപ്പ് കരുനാഗപ്പള്ളി അഗ്നിരക്ഷാ നിലയം വക വാട്ടർ ലോറി, കെ.എൽ.01, ബി-7443 വാങ്ങുന്നതിനുള്ള ടെണ്ടർ" എന്ന് എഴുതിയിരിക്കണം. ടെണ്ടറുകൾ റീജിയണൽ ഫയർ ആഫീസർ, അഗ്നിരക്ഷാ സേവനം, ഗവൺമെന്റ് പ്രസ്സ് പി. ഒ., ഹൗസിംഗ് ബോർഡ് ജംഗ്ഷൻ, ചെങ്കൽചൂള, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. പരസ്യ ലേലത്തിനുശേഷം നേരത്തെ ലഭിച്ചിട്ടുള്ള ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിൽ കേട്ട തുകയോ ടെണ്ടറിൽ കൊടുത്ത തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ടെണ്ടർ നൽകിയിരിക്കണമെന്ന് നിർബന്ധമില്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ₹ 3,000 നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി ₹ 3,000-ന്റെ ക്രോസ് ചെയ്യാത്ത ബാങ്ക് ഡ്രാഫ്റ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വെള്ളയമ്പലം ബ്രാഞ്ചിൽ മാറ്റത്തക്കവിധം റീജിയണൽ ഫയർ ആഫീസർ, അഗ്നിരക്ഷാ സേവനം, ദക്ഷിണമേഖല, തിരുവനന്തപുരം-01 എന്ന വിലാസത്തിൽ ടെണ്ടറിനോടൊപ്പം അയയ്ക്കേണ്ടതാണ്. നിരതദ്രവ്യമില്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ സമർപ്പിച്ചവർ തങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്നപക്ഷം പണം അടയ്ക്കേണ്ടതിലേക്കായി ലേല സമയത്ത് ഹാജരായിരിക്കേണ്ടതാണ്. ടെണ്ടറുകൾ നൽകിയവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ/ടെണ്ടർ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ കൊണ്ട തുകയുടെ 25% അപ്പോൾത്തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവു ലഭിച്ച് 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയ്ക്കുള്ള വിൽപ്പന നികുതിയും ഒടുക്കി ടി വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്ന ആളിന്റെ ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കികൊടുക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരന് അവകാശം ഇല്ലാത്തതുമാകുന്നു.

ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിച്ചവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ/ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് കരുനാഗപ്പള്ളി അഗ്നിരക്ഷാ നിലയത്തിൽ വെച്ച് സ്റ്റേഷൻ ഓഫീസറുടെ അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മേൽപ്പറഞ്ഞ വാഹനം പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വെച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3)

നമ്പർ എഫ്-6186/2019. 2020 മേയ് 19.

അഗ്നിരക്ഷാ സേവന വകുപ്പ് വക വിഴിഞ്ഞം അഗ്നിരക്ഷാ നിലയത്തിലെ ഉപയോഗശൂന്യമായ എം.ടി.യു., കെ.എൽ.01, എഎഫ് 9992 (2004, ടാറ്റാ മോഡൽ) ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും 26-6-2020 പകൽ 11 മണിക്ക് വിഴിഞ്ഞം അഗ്നിരക്ഷാ നിലയത്തിൽവച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

ലേലത്തോടൊപ്പം മുദ്ര പതിച്ച ടെണ്ടറുകളും ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ 25-6-2020-ാം തീയതി വൈകിട്ട് 5 മണിവരെ നേരിട്ടോ തപാൽ വഴിയോ സ്വീകരിക്കുന്നതാണ്. 5 മണിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. മുദ്ര പതിപ്പിച്ച ടെണ്ടറുകൾ ഉൾക്കൊള്ളുന്ന കവറിന്റെ പുറത്ത് "അഗ്നിരക്ഷാ സേവന വകുപ്പ് വിഴിഞ്ഞം അഗ്നിരക്ഷാ നിലയം വക ഉപയോഗ ശൂന്യമായ എം.ടി.യു., കെ.എൽ.01, എഎഫ് 9992 വാങ്ങുന്നതിനുള്ള ടെണ്ടർ" എന്ന് എഴുതിയിരിക്കണം. ടെണ്ടറുകൾ റീജിയണൽ ഫയർ ആഫീസർ, അഗ്നിരക്ഷാ സേവനം, ഗവൺമെന്റ് പ്രസ്സ് പി. ഒ., ഹൗസിംഗ് ബോർഡ് ജംഗ്ഷൻ, ചെങ്കൽചൂള, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. പരസ്യ ലേലത്തിനുശേഷം നേരത്തെ ലഭിച്ച ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിൽ കേട്ട തുകയോ ടെണ്ടറിൽ കൊടുത്ത തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ടെണ്ടർ നൽകിയിരിക്കണമെന്ന് നിർബന്ധമില്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ₹ 3,000 നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി ₹ 3,000-ന്റെ ക്രോസ് ചെയ്യാത്ത ബാങ്ക് ഡ്രാഫ്റ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വെള്ളയമ്പലം ബ്രാഞ്ചിൽ മാറ്റത്തക്കവിധം റീജിയണൽ ഫയർ ആഫീസർ, അഗ്നിരക്ഷാ സേവനം, ദക്ഷിണമേഖല, തിരുവനന്തപുരം-01 എന്ന വിലാസത്തിൽ ടെണ്ടറിനോടൊപ്പം അയയ്ക്കേണ്ടതാണ്. നിരതദ്രവ്യമില്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ സമർപ്പിച്ചവർ തങ്ങളുടെ ടെണ്ടറുകൾ സ്വീകരിക്കുന്നപക്ഷം പണം അടയ്ക്കേണ്ടതിലേക്കായി ലേല സമയത്ത് ഹാജരായിരിക്കേണ്ടതാണ്. ടെണ്ടറുകൾ നൽകിയ വർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ/ടെണ്ടർ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ കൊണ്ട തുകയുടെ 25% അപ്പോൾത്തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയ്ക്കുള്ള വിൽപ്പന നികുതിയും ഒടുക്കി ടി വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്ന ആളിന്റെ ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കികൊടുക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരന് അവകാശം ഇല്ലാത്തതുമാകുന്നു.

ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടർ സമർപ്പിച്ചവരും മേൽപ്പറഞ്ഞ നിബന്ധനകൾ അതേപടി പാലിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ/ടെണ്ടർ നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് വിഴിഞ്ഞം അഗ്നിരക്ഷാ നിലയത്തിൽ വെച്ച് സ്റ്റേഷൻ ഓഫീസറുടെ അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മേൽപ്പറഞ്ഞ വാഹനം പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടർ നടപടികൾ മാറ്റിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ടെണ്ടറുകൾ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വെച്ചിരിക്കുന്ന ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

റീജിയണൽ ഫയർ ഓഫീസറുടെ
കാര്യാലയം, (ഒപ്പ്)
തിരുവനന്തപുരം. റീജിയണൽ ഫയർ ഓഫീസർ.